**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3453** | **12-03-2025 - ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലയിൽ തൊഴിലുറപ്പ് പ്രവൃത്തികൾ ഉൾപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നീർത്തടാധിഷ്ഠിത ആസൂത്രണം കാർഷിക മേഖലയ്ക്ക് അത്യന്താപേക്ഷിതമായതിനാൽ തൊഴിലുറപ്പ് മേഖലയെ കൂടി ഉൾപ്പെടുത്തി ജലസംഭരണികളും ജലനിർഗമന മാർഗ്ഗങ്ങളും ഉണ്ടാക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (എ) | മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന പ്രകൃതി വിഭവ പരിപാലനത്തിനായി നീർത്തട സമീപനത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മണ്ണ് ജല സംരക്ഷണത്തോടൊപ്പം കാർഷിക ഉത്പാദന വർദ്ധനവും മെച്ചപ്പെട്ട ജീവിത സാഹചര്യവും ഉറപ്പാക്കുന്ന ഇത്തരം പദ്ധതികൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുമായി സഹകരിച്ചാണ് വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നത്. നിലവിലെ ജനകീയാസൂത്രണ മാർഗ നിർദേശ രേഖ അനുസരിച്ച് MGNREGS പദ്ധതിയുമായുള്ള സംയോജന സാധ്യത പരമാവധി ഉപയോഗപ്പെടുത്തുന്നു.<br><br>അനുയോജ്യമായ ഭൂമികളിൽ പുതിയ ജലസ്രോതസ്സുകൾ നിർമ്മിയ്ക്കുന്നതിനും നിലവിലുള്ള ജല സ്രോതസ്സുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും തൊഴിലുറപ്പ് പദ്ധതി പ്രയോജന പ്പെടുത്തി വരുന്നു. ഓരോ ഗ്രാമ പഞ്ചായത്തുകളുടെയും ആഭിമുഖ്യത്തിൽ ഏതൊക്കെ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളാണ് ഏറ്റെടുക്കേണ്ടത് എന്നത് സംബന്ധിച്ച് കൃഷി ഓഫീസർ വേണ്ട നിർദ്ദേശങ്ങൾ നല്കി വരുന്നു. അതിനനുസൃതമായി ലേബർ ബഡ്ജറ്റ് തയ്യാറാക്കുന്നു. വ്യക്തിഗതമായി കർഷകർക്ക് അത്തരം ആവശ്യങ്ങൾ ഉണ്ടെങ്കിൽ അതും സ്ഥല പരിശോധന നടത്തി ശുപാർശ ചെയ്യുന്നു. ചെറിയ നിർമ്മാണ പ്രവർത്തനങ്ങളും മുപ്പത് ശതമാനം മെറ്റീരിയൽ കോസ്റ്റ് ഉപയോഗിച്ച് കൊണ്ട് ഏറ്റെടുത്ത് വരുന്നുണ്ട്. ആവർത്തന സ്വഭാവം ഇല്ലാത്ത എല്ലാ നീർത്തടാധിഷ്ഠിത പ്രവർത്തനങ്ങളും ഫണ്ടിന്റെ ലഭ്യതയനുസരിച്ച്, പ്രാദേശിക സർക്കാരുകളുടെ തീരുമാനങ്ങൾക്ക് വിധേയമായി ഏറ്റെടുക്കാൻ സാധിയ്ക്കും. |

സെക്ഷൻ ഓഫീസർ